## കേരള സർക്കാർ

# കേരള പൊതു വിപണി വില അവലോകനം

## ഒക്ടോബർ

## 2018




## പ്രൈസസ് വിഭാഗം
## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്
## തിരുവനന്തപുരം
## 2018

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി "കേരള പൊതുവിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും, വകുപ്പിന്റെ ഇൻവെസ്റ്റിഗേറററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)
വി. രാമചന്ദ്രൻ
ഡയറക്ടർ ജനറൽ

തിരുവനന്തപുരം
15/11/2018

# ആമുഖം

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ അന്യ സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

പ്രളയാനന്തരം കേരളത്തിന്റെ വിലനിലവാരം പരിശോധിക്കുമ്പോൾ കാണാവുന്ന ഏറ്റവും വലിയ പ്രത്യേകത സപ്തംബർ ,ഒക്ടോബർ മാസങ്ങളിൽ കാര്യമായ വിലക്കയറ്റം മാർക്കറ്റിൽ ദൃശ്യമായില്ല എന്നതാണ് . പ്രളയത്തിന് ശേഷം ആഗസ്റ്റ് അവസാനം സാധനങ്ങളുടെ വിലയിൽ കാര്യമായ വിലക്കയറ്റം ദൃശ്യമായെങ്കിലും സർക്കാരിന്റെ സമയോചിതമായ ഇടപെടൽ കാരണം സെപ്തംബർ അവസാനത്തോടെ വില കുറയാൻ ആരംഭിച്ചു. ഇതിന് പ്രധാനമായും വിപണിയിൽ നിന്നും മനസ്സിലാവുന്നത് പ്രളയത്തെത്തുടർന്ന് സർക്കാരിന്റെയും സന്നദ്ധ പ്രവർത്തകരുടെയും ഇടപെടൽ കാരണം അരി ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾ ധാരാളമായി ജനങ്ങൾക്ക് ലഭ്യമാവുകയും ഇത് കാരണം ആവശ്യസാധനങ്ങൾക്ക് യാതൊരു വിധത്തിലുള്ള ക്ഷാമവും ഉണ്ടായില്ല. .രണ്ടാമതായി പ്രളയത്തെ തുടർന്ന് ജനങ്ങളുടെ ക്രയ ശേഷി കുറയുകയും ഇത് മാർക്കറ്റുകളിൽ മാന്ദ്യത്തിനു കാരണമാവുകയും ചെയ്തു. മൂന്നാമതായി അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള ഭക്ഷ്യവസ്തുക്കളുടെ ലഭ്യത വിലക്കയറ്റത്തെ പിടിച്ചു നിർത്താൻ സഹായിച്ചു.

പിന്നീട് അരിയുടെ വിലയിൽ നേരിയൊരു വിലക്കുറവോടെ സ്ഥിരമായി നിലകൊള്ളുന്നതാണ് കണ്ടത് .സപ്തംബറിൽ പച്ചക്കറിയുടെ വിലയിൽ ഏതാണ്ട് എല്ലാ ഇനങ്ങളിലും വിലക്കുറവ് ദൃശ്യമായിരുന്നു .എന്നാൽ ഒക്ടോബറിൽ മിക്ക പച്ചക്കറി ഇനങ്ങളുടെയും വിലയിൽ ഏറ്റക്കുറച്ചിലുകൾ കണ്ടു. ശബരിമല സീസൺ ആരംഭിച്ചതോടെ പച്ചക്കറിയുടെ വിലയിൽ വർദ്ധനവ് ഉണ്ടാവാൻ ഇടയുണ്ട്.

ഒക്ടോബറോടുകൂടി മാർക്കറ്റുകൾ ഏതാണ്ട് മാന്ദ്യം വിട്ടൊഴിയുന്നതിന്റെ സൂചനകൾ കാണുന്നു.

തെക്ക് പടിഞ്ഞാറൻ മൺസൂൺ കാലത്തു ഇന്ത്യയിൽ പൊതുവെ മഴയുടെ അളവ് കുറവായിട്ടാണ് റിപ്പോർട്ട് ചെയ്യപ്പെട്ടതെങ്കിലും പ്രധാനപ്പെട്ട കാർഷികോത്പാദന പ്രദേശങ്ങളിലെല്ലാം സാധാരണ തോതിലുള്ള മഴ ലഭിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ട് . അതുകൊണ്ട് ഖാരിഫ് സീസണിൽ നല്ലതോതിലുള്ള ഉത്പാദനം നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആയതിനാൽ കാര്യമായ വില വർദ്ധനവ് വരും മാസങ്ങളിൽ പ്രതീക്ഷിക്കുന്നില്ല

എഫ് സി ഐ യുടെ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം, ഒക്ടോബർ ഒന്ന് മുതൽ ആരംഭിച്ച നെല്ല് സംഭരണം ഇതുവരയെയായി 119.97 ലക്ഷം മെടിക് ടൺ നെല്ല് ഇന്ത്യ ഒട്ടാകെ സംഭരിച്ചിട്ടുണ്ട്.

ഒക്ടോബർ മാസത്തിൽ സമ്മിശ്രമായ ഒരു പ്രവണതയാണ് മാർക്കറ്റിൽ ദൃശ്യമായത് അരിയുടെ വില ഏതാണ്ട് സ്ഥിരമായി നിലകൊണ്ടു .ഉള്ളി ,സവാള എന്നിവയുടെ വിലയിൽ വർദ്ധനവ് ഉണ്ടായി ഇറച്ചിക്കോഴി വിലയിൽ കാര്യമായ വർദ്ധനവ് ഉണ്ടായി പച്ചക്കറികളുടെ വിലയിൽ ഏറ്റക്കുറച്ചിലുകൾ ദൃശ്യമായി ,തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ കുറവുണ്ടായി.

# I. ധാന്യങ്ങൾ

അവലോകന മാസമായ ഒക്ടോബറിൽ അരിയുടെ വില നേരിയൊരു വിലക്കുറവോടെ സ്ഥിരമായി നിലകൊണ്ടു. കേരളത്തിൽ പ്രളയം കാരണം നെൽകൃഷിക്ക് നാശം സംഭവിച്ചെങ്കിലും, കർഷകർ വീണ്ടും കൃഷി ആരംഭിച്ചിട്ടുണ്ട്. കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിന്റെ കണക്ക് പ്രകാരം ഒക്ടോബർ 1 ന ആരംഭിച്ച വടക്കു കിഴക്കൻ മൺസൂൺ കാലത്ത് കേരളത്തിൽ ഏതാണ്ട് എല്ലാ ഇടത്തും സാധാരണതോതിലുള്ള മഴ ലഭിച്ചിട്ടുണ്ട്.

ഏതാണ്ട് എല്ലാ സംസ്ഥാനങ്ങളിലും ഖാരിഫ് നെല്ലിന്റെ വിളവെടുപ്പ് തുടരുകയാണ് . എഫ് സി ഐ യുടെ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം ഇതുവരെയായി 119 .97 ലക്ഷം ടണ്ണിന്റെ നെല്ല് സംഭരണം നടന്നിട്ടുണ്ട്. വിളവെടുപ്പും സംഭരണവും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. നല്ല തോതിലുള്ള വിളവെടുപ്പാണെന്നാണ് പ്രാഥമികമായ റിപ്പോർട്ട് സൂചിപ്പിക്കുന്നത് ആയതിനാൽ തന്നെ അടുത്ത മാസങ്ങളിൽ അരിയുടെ വിലയിൽ വർദ്ധനവിനുള്ള സാധ്യത കാണുന്നില്ല

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2017 | സപ്തംബർ 2018 | ഒക്ടോബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 43.17 | 39.75 | 39.07 | -1.71 | -9.50 |
| 2 | ചമ്പ | കിലോഗ്രാം | 42.38 | 44.00 | 44.00 | 0.00 | 3.82 |
| 3 | റോസ് | കിലോഗ്രാം | 42.89 | 39.95 | 39.15 | -2.00 | -8.72 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 38.00 | 36.38 | 36.13 | -0.69 | -4.92 |
| 5 | ജയ | കിലോഗ്രാം | 40.88 | 36.15 | 35.90 | -0.69 | -12.18 |
| 6 | ഗോതമ്പ് | കിലോഗ്രാം | 32.23 | 33.98 | 33.92 | -0.17 | 5.25 |



## II. പയർ വർഗ്ഗങ്ങൾ

അവലോകനമാസമായ ഒക്ടോബറിൽ പിസ് പരിപ്പ് ഒഴികെയുള്ള എല്ലാ ഇനങ്ങൾക്കും വിലക്കുറവ് അനുഭവപ്പെട്ടു .എന്നാൽ മാസാവസാനം ചെറുപയർ, ഉഴുന്ന്, തുവരപ്പരിപ്പ് എന്നിവയുടെ വിലയിൽ വർദ്ധനണിന്റെ പ്രവണത കാണിച്ചു .നവംബർ മാസത്തിൽ പയർ വർഗ്ഗങ്ങളിൽ നേരിയൊരു വർദ്ധനവിനുള്ള സാധ്യത കാണുന്നു.

ഖാരിഫ് വിളകളുടെ വിളവെടുപ്പ് നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണയാണ്.

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ ഇതുവരെയുള്ള കണക്കുകൾ പ്രകാരം റാബി സീസണിൽ പയർ വർഗ്ഗങ്ങളിൽ മൊത്തം കൃഷിയിട വിസ്തൃതിയിൽ 10 ശതമാനത്തിലധികം കുറവ് കാണിക്കുന്നു.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2017 | സപ്തംബർ 2018 | ഒക്ടോബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 85.34 | 85.98 | 84.77 | -1.41 | -0.67 |
| 2 | ചെറുപയർ പരിഷ് | കിലോഗ്രാം | 90.63 | 89.63 | 88.79 | -0.94 | -2.03 |
| 3 | ഉഴുന്നു പരിഷ് | കിലോഗ്രാം | 99.93 | 80.78 | 80.55 | -0.28 | -19.39 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 94.29 | 79.89 | 79.43 | -0.58 | -15.76 |
| 5 | വൻപയർ | കിലോഗ്രാം | 76.98 | 67.39 | 66.71 | -1.01 | -13.34 |
| 6 | തുവരപരിഷ് | കിലോഗ്രാം | 85.61 | 79.98 | 79.96 | -0.03 | -6.60 |
| 7 | കടല(വലുത്) | കിലോഗ്രാം | 97.89 | 74.98 | 73.32 | -2.21 | -25.10 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 83.06 | 66.19 | 65.63 | -0.85 | -20.98 |
| 9 | പീസ് പരിഷ് | കിലോഗ്രാം | 41.19 | 58.50 | 59.83 | 2.27 | 45.25 |
| 10 | മസൂർ പരിഷ് | കിലോഗ്രാം | 72.95 | 68.88 | 68.46 | -0.61 | -6.16 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകനമാസമായ ഒക്ടോബറിൽ ഈ ഇനത്തിൽ ഇറച്ചിക്കോഴിയുടെ വിലയിൽ വൻ വർദ്ധനവാണ് ഉണ്ടായത്. മാസത്തിന്റെ മധ്യത്തോടെ ഏതാണ്ട് 140 രൂപയോളം എത്തിയ വില പിന്നിട് കുറഞ്ഞുവന്നു പ്രളയത്തെ തുടർന്ന് കേരളത്തിൽ ഇറച്ചിക്കോഴി വളർത്തൽ കുറഞ്ഞതും, ആവശ്യകത വർദ്ധിച്ചതുമാണ് പെട്ടെന്നൊരു വില വർദ്ധനവിന് കാരണമെന്നുമാണ് വിപണിയിൽ നിന്നുള്ള സൂചന. നവംബർ മാസത്തിൽ വിലക്കുറവിനുള്ള സാധ്യതയുണ്ട്. കോഴിമുട്ടയുടെ വിലയിലും ഈ കാലയളവിൽ കാര്യമായ വർദ്ധനവ് ഉണ്ടായി നവംബറിലും ഈ വർദ്ധനവ് തുടരാനാണ് സാധ്യത .നവംബറിൽ തേയിലയുടെ വിലയിൽ നേരിയൊരു വർദ്ധനവിനും പഞ്ചസാര വില സ്ഥിരത നിലനിർത്തുന്നതിനും സാധ്യതയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2017 | സപ്തംബർ 2018 | ഒക്ടോബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 43.04 | 38.20 | 37.84 | -0.94 | -12.08 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 141.83 | 149.27 | 151.96 | 1.80 | 7.14 |
| 3 | ശർക്കര | കിലോഗ്രാം | 58.82 | 53.71 | 53.91 | 0.37 | -8.35 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 52.11 | 49.75 | 50.94 | 2.39 | -2.25 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 515.71 | 545.24 | 550.71 | 1.00 | 6.79 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 99.46 | 88.49 | 114.90 | 29.85 | 15.52 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.82 | 147.26 | 145.83 | -0.97 | -1.35 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 160.69 | 161.62 | 161.62 | 0.00 | 0.58 |



## IV. എണ്ണയും ഏണ്ണക്കുരുക്കളും

തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലക്കുറവ് അവലോകനമാസമായ ഒക്ടോബറിലും തുടർന്നു.മറ്റു എല്ലാ എണ്ണ ഇനങ്ങളുടെയും വിലയിൽ ഈ കാലയളവിൽ വർദ്ധനവ് അനുഭവപ്പെട്ടു . കഴിഞ്ഞ വര്ഷം ഇതേ കാലയളവിൽ വൻ വർദ്ധനവ് അനുഭവപ്പെട്ടിരുന്ന തേങ്ങയുടെ വില തുടർച്ചയായ വിലത്തകർച്ചയിലേക്ക് പോവുകയാണ് .ശബരിമല സീസണിൽ തേങ്ങയുടെ ഉപഭോഗം വർദ്ധിക്കുമെങ്കിലും ഒരു വില വർദ്ധനവിനുള്ള സാധ്യത കാണുന്നില്ല.മുൻവർഷത്തെ വരൾച്ചയായിരുന്നു കഴിഞ്ഞ വർഷത്തെ തേങ്ങയുടെ വില വർദ്ധനവിന് കാരണം എന്നാൽ കഴിഞ്ഞ വർഷം സാമാന്യം നല്ല തോതിൽ മഴ ലഭിച്ചതിനാൽ ഈ വർഷം തേങ്ങയ്ക്ക് കാര്യമായ വില വർദ്ധനവിനുള്ള സാധ്യത കാണുന്നില്ല.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2017 | സപ്തംബർ 2018 | ഒക്ടോബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 185.14 | 195.93 | 183.93 | -6.12 | -0.65 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 141.50 | 154.56 | 154.50 | -0.04 | 9.19 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 89.23 | 96.23 | 96.83 | 0.62 | 8.52 |
| 4 | നല്ലെണ്ണ | ലിററർ | 146.07 | 184.41 | 192.54 | 4.41 | 31.81 |
| 5 | കടുക് എണ്ണ | ലിററർ | 140.40 | 142.40 | 144.25 | 1.30 | 2.74 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 92.63 | 96.39 | 97.23 | 0.87 | 4.97 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 89.33 | 97.06 | 98.13 | 1.11 | 9.86 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 210.68 | 185.36 | 177.07 | -4.47 | -15.95 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

അവലോകനമാസമായ ഒക്ടോബറിൽ ഉള്ളിയുടെ വിലയിൽ കാര്യമായ വർദ്ധനവ് ഉണ്ടായി .എന്നാൽ മാസാവസാനം ചെറിയൊരു കുറവോടെ സ്ഥിരത നിലനിർത്തുന്നതിനുള്ള സൂചന നൽകുന്നു .നവംബറിലും ഇതേ സ്ഥിതി തുടരാനാണ് സാധ്യത .കുരുമുളകിന്റെ വില ഏറ്റക്കുറച്ചിലുകളോടെ നിലകൊണ്ടു . വിയട്നാമിൽനിന്നും ശ്രീലങ്കയിൽ നിന്നുമുള്ള ഇറക്കുമതി കുരുമുളകിന്റെ സാന്നിധ്യമാണ് വിലക്കുറവിനു കാരണമാകുന്നത് .എന്നാൽ സെപ്റ്റംബർ മുതൽ ഇറക്കുമതിയിൽ കാര്യമായ കുറവ് വന്നിട്ടുണ്ടെന്നാണ് റിപ്പോർട്ട് .ഇത് വരും മാസങ്ങളിൽ ആഭ്യന്തര കുരുമുളകിന്റെ വില തകരാതെ പിടിച്ചുനിർത്താൻ സഹായിക്കും .

പ്രധാനമായും മുളക് ഉത്പാദിപ്പിക്കുന്ന ആന്ധ്രപ്രദേശ്,തെലുങ്കാന സംസ്ഥാനങ്ങളിൽ; നിലവിൽ മഴയുടെ അളവിൽ 20 ശതമാനത്തിലധികം കുറവ് ഉണ്ടായതായാണ് റിപ്പോർട്ട് ഇനിയും മഴയുടെ കുറവ് ഉണ്ടാവുകയാണെങ്കിൽ അത് മുളകിന്റെ ഉത്പാദനത്തെയും അത് വഴി വിലയേയും ബാധിക്കാവുന്നതാണ്

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2017 | സപ്തംബർ 2018 | ഒക്ടോബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 89.98 | 83.18 | 82.89 | -0.35 | -7.88 |
| 2 | മുളക് | കിലോഗ്രാം | 89.20 | 126.11 | 125.00 | -0.88 | 40.13 |
| 3 | ഉള്ളി | കിലോഗ്രാം | 110.82 | 38.25 | 46.93 | 22.69 | -57.65 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 136.82 | 163.75 | 165.18 | 0.87 | 20.73 |
| 5 | ജീരകം | 100 ഗ്രാം | 28.73 | 29.64 | 29.55 | -0.30 | 2.85 |
| 6 | കടുക് | 100 ഗ്രാം | 8.80 | 9.00 | 9.13 | 1.44 | 3.75 |
| 7 | ഉലുവ | 100 ഗ്രാം | 9.61 | 9.47 | 9.63 | 1.69 | 0.21 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.14 | 18.25 | 18.50 | 1.37 | 1.98 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 8.70 | 6.75 | 6.54 | -3.11 | -24.83 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 552.88 | 470.51 | 465.08 | -1.15 | -15.88 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകനമാസമായ ഒക്ടോബറിൽ മരച്ചീനി ,ഉരുളക്കിഴങ്ങ് ,കാരറ്റ് എന്നിവയുടെ വിലയിൽ വർദ്ധനവ് ഉണ്ടായി ,കാരറ്റ് ബീട്ടൂറ്റ് എന്നിവയുടെ വിലയിൽ കാര്യമായ ഏറ്റക്കുറച്ചിലുകൾ ഈ കാലയളവിൽ ഉണ്ടായി .പ്രളയം കാരണം ഉത്പാദനത്തിലുണ്ടായ കുറവാണ് മരച്ചീനിയുടെ വിലക്കയറ്റത്തിന് കാരണമെന്ന് വിപണി വൃത്തങ്ങൾ അറിയിച്ചു. നവംബറിൽ കിഴങ്ങു വർഗ്ഗങ്ങളുടെ വിലയിൽ കാര്യമായ കുറവ് പ്രതീക്ഷിക്കുന്നില്ല.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2017 | സപ്തംബർ 2018 | ഒക്ടോബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 38.48 | 34.16 | 34.09 | -0.20 | -11.41 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 23.93 | 25.19 | 25.86 | 2.66 | 8.07 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 24.79 | 32.57 | 33.98 | 4.33 | 37.07 |
| 4 | ചേമ്പ് | കിലോഗ്രാം | 55.13 | 54.39 | 48.14 | -11.49 | -12.68 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 49.93 | 30.36 | 29.59 | -2.54 | -40.74 |
| 6 | കാരററ് | കിലോഗ്രാം | 55.21 | 54.59 | 56.88 | 4.19 | 3.02 |



## VII. പച്ചക്കറി ഇനങ്ങൾ

അവലോകനമാസമായ ഒക്ടോബറിൽ സമ്മിശ്രമായ ഒരു പ്രവണതയാണ് പച്ചക്കറികളുടെ വിലയിൽ വിപണിയിൽ കണ്ടത് .സവാളയുടെ വിലയിൽ കാര്യമായ വർദ്ധനവുണ്ടായി മാസം മധ്യത്തോടെ വില വർധിച്ച സവാള പിന്നീട് മാസാവസാനത്തോടെ നേരിയൊരു വിലക്കുറവോടെ വിലസ്ഥിരത കൈവരിച്ചു .ശബരിമല സീസൺ ആരംഭിച്ചതോടെ പച്ചക്കറികളുടെ വിലയിൽ വർദ്ധനവിനുള്ള സാധ്യതയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2017 | സപ്തംബർ 2018 | ഒക്ടോബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 37.20 | 19.80 | 22.57 | 13.99 | -39.33 |
| 2 | വഴുതന | കിലോഗ്രാം | 43.71 | 33.34 | 33.48 | 0.42 | -23.40 |
| 3 | മത്തങ്ങ | കിലോഗ്രാം | 22.88 | 20.25 | 19.09 | -5.73 | -16.56 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 24.13 | 20.96 | 20.48 | -2.29 | -15.13 |
| 5 | വെണ്ടക്ക | കിലോഗ്രാം | 33.57 | 32.48 | 34.43 | 6.00 | 2.56 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 59.75 | 37.13 | 47.86 | 28.90 | -19.90 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 60.32 | 52.20 | 55.21 | 5.77 | -8.47 |
| 8 | കാബേജ് | കിലോഗ്രാം | 52.96 | 27.88 | 26.39 | -5.34 | -50.17 |
| 9 | പാവയ്ക്ക | കിലോഗ്രാം | 52.84 | 50.41 | 47.98 | -4.82 | -9.20 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 24.93 | 23.73 | 21.57 | -9.10 | -13.48 |
| 11 | പടവലങ്ങ | കിലോഗ്രാം | 37.16 | 35.21 | 35.88 | 1.90 | -3.44 |
| 12 | തക്കാളി | കിലോഗ്രാം | 40.04 | 19.68 | 19.73 | 0.25 | -50.72 |
| 13 | പച്ചമുളക് | 100 ഗ്രാം | 5.17 | 4.72 | 4.38 | -7.20 | -15.28 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 52.07 | 44.84 | 41.86 | -6.65 | -19.61 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 41.46 | 32.61 | 31.02 | -4.88 | -25.18 |



## VIII. പഴവർഗ്ഗങ്ങൾ

അവലോകനമാസമായ ഒക്ടോബറിൽ സമ്മിശ്രമായ ഒരു പ്രവണതയാണ് പഴവർഗ്ഗങ്ങളുടെ വിലയിൽ കണ്ടത്.ഓറഞ്ചിന്റെ സീസൺ ആരംഭിച്ചതിനാൽ നവംബറിൽ കാര്യമായ വിലക്കുറവ് പ്രതീക്ഷിക്കുന്നു.മാങ്ങയുടെ വില വിപണിയിൽ ലഭ്യമാലായിരുന്നു .തണ്ണിമത്തനിൽ കിരൺ എന്ന ഒരിനം മാത്രമാണ് സജീവമായുള്ളത്. വാഴപ്പഴം,ഏത്തപ്പഴം എന്നിവയുടെ വിലയിൽ അവലോകനമാസം കുറവ് അനുഭവപ്പെട്ടു.അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള ലഭ്യത കാരണമെന്നാണ് വിലക്കുറവുണ്ടായെതെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2017 | സപ്തംബർ 2018 | ഒക്ടോബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 134.75 | 132.61 | 139.77 | 5.40 | 3.73 |
| 2 | മുസമ്പി | കിലോഗ്രാം | 54.90 | 53.85 | 52.79 | -1.96 | -3.85 |
| 3 | മാതളം | കിലോഗ്രാം | 98.58 | 90.21 | 108.85 | 20.67 | 10.42 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 109.13 | 115.67 | 109.71 | -5.15 | 0.53 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 56.98 | 51.35 | 49.36 | -3.87 | -13.37 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 36.93 | 35.38 | 33.88 | -4.24 | -8.27 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 64.30 | 68.05 | 58.23 | -14.43 | -9.44 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 55.00 | 54.56 | 51.28 | -6.00 | -6.76 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 33.34 | 28.83 | 28.05 | -2.68 | -15.85 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 104.13 | 119.90 | 0.00 | | |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 22.11 | 30.29 | 34.42 | 13.66 | 55.71 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 78.57 | 87.14 | 83.04 | -4.71 | 5.68 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 66.25 | 87.39 | 76.59 | -12.35 | 15.61 |



## IX. ഭക്ഷ്യേതര വസ്തുക്കൾ

അവലോകനമാസമായ ഒക്ടോബറിൽ സിമന്റ് ,സ്റ്റീൽ എന്നിവയുടെ വിലയിൽ ഏതാണ്ട് സ്ഥിരത നിലനിർത്തിയെങ്കിലും മാസാവസാനം സിമന്റിന്റെ വിലയിൽ വർദ്ധനവിനുള്ള പ്രവണത കാണിച്ചു. അതേ സമയം സ്റ്റീലിന്റെ വിലയിൽ മാസം മധ്യത്തോടെ നേരിയൊരു വിലക്കുറവ് ശ്രദ്ധയിൽപ്പെട്ടു.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2017 | സപ്തംബർ 2018 | ഒക്ടോബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 19.85 | 20.00 | 20.00 | 0.00 | 0.76 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 27.50 | 28.05 | 28.33 | 1.00 | 3.02 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 507.14 | 497.78 | 486.67 | -2.23 | -4.04 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 385.47 | 403.54 | 403.13 | -0.10 | 4.58 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 380.00 | 397.92 | 398.13 | 0.05 | 4.77 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 43.98 | 55.61 | 56.56 | 1.71 | 28.60 |



## അനുബന്ധം

### സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2017 | സപ്തംബർ 2018 | ഒക്ടോബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 43.17 | 39.75 | 39.07 | -1.71 | -9.50 |
| 2 | ചമ്പ | കിലോഗ്രാം | 42.38 | 44.00 | 44.00 | 0.00 | 3.82 |
| 3 | റോസ് | കിലോഗ്രാം | 42.89 | 39.95 | 39.15 | -2.00 | -8.72 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 38.00 | 36.38 | 36.13 | -0.69 | -4.92 |
| 5 | ജയ | കിലോഗ്രാം | 40.88 | 36.15 | 35.90 | -0.69 | -12.18 |
| 6 | ഗോതമ്പ് | കിലോഗ്രാം | 32.23 | 33.98 | 33.92 | -0.17 | 5.25 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 85.34 | 85.98 | 84.77 | -1.41 | -0.67 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 90.63 | 89.63 | 88.79 | -0.94 | -2.03 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 99.93 | 80.78 | 80.55 | -0.28 | -19.39 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 94.29 | 79.89 | 79.43 | -0.58 | -15.76 |
| 5 | വൻപയർ | കിലോഗ്രാം | 76.98 | 67.39 | 66.71 | -1.01 | -13.34 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 85.61 | 79.98 | 79.96 | -0.03 | -6.60 |
| 7 | കടല(വലുത്) | കിലോഗ്രാം | 97.89 | 74.98 | 73.32 | -2.21 | -25.10 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 83.06 | 66.19 | 65.63 | -0.85 | -20.98 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 41.19 | 58.50 | 59.83 | 2.27 | 45.25 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 72.95 | 68.88 | 68.46 | -0.61 | -6.16 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 43.04 | 38.20 | 37.84 | -0.94 | -12.08 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 141.83 | 149.27 | 151.96 | 1.80 | 7.14 |
| 3 | ശർക്കര | കിലോഗ്രാം | 58.82 | 53.71 | 53.91 | 0.37 | -8.35 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 52.11 | 49.75 | 50.94 | 2.39 | -2.25 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 515.71 | 545.24 | 550.71 | 1.00 | 6.79 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 99.46 | 88.49 | 114.90 | 29.85 | 15.52 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.82 | 147.26 | 145.83 | -0.97 | -1.35 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 160.69 | 161.62 | 161.62 | 0.00 | 0.58 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 185.14 | 195.93 | 183.93 | -6.12 | -0.65 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 141.50 | 154.56 | 154.50 | -0.04 | 9.19 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 89.23 | 96.23 | 96.83 | 0.62 | 8.52 |
| 4 | നല്ലെണ്ണ | ലിററർ | 146.07 | 184.41 | 192.54 | 4.41 | 31.81 |
| 5 | കടുക് എണ്ണ | ലിററർ | 140.40 | 142.40 | 144.25 | 1.30 | 2.74 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 92.63 | 96.39 | 97.23 | 0.87 | 4.97 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 89.33 | 97.06 | 98.13 | 1.11 | 9.86 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 210.68 | 185.36 | 177.07 | -4.47 | -15.95 |

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2017 | സപ്തംബർ 2018 | ഒക്ടോബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 89.98 | 83.18 | 82.89 | -0.35 | -7.88 |
| 2 | മുളക് | കിലോഗ്രാം | 89.20 | 126.11 | 125.00 | -0.88 | 40.13 |
| 3 | ഉള്ളി | കിലോഗ്രാം | 110.82 | 38.25 | 46.93 | 22.69 | -57.65 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 136.82 | 163.75 | 165.18 | 0.87 | 20.73 |
| 5 | ജീരകം | 100 ഗ്രാം | 28.73 | 29.64 | 29.55 | -0.30 | 2.85 |
| 6 | കടുക് | 100 ഗ്രാം | 8.80 | 9.00 | 9.13 | 1.44 | 3.75 |
| 7 | ഉലുവ | 100 ഗ്രാം | 9.61 | 9.47 | 9.63 | 1.69 | 0.21 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.14 | 18.25 | 18.50 | 1.37 | 1.98 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 8.70 | 6.75 | 6.54 | -3.11 | -24.83 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 552.88 | 470.51 | 465.08 | -1.15 | -15.88 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 38.48 | 34.16 | 34.09 | -0.20 | -11.41 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 23.93 | 25.19 | 25.86 | 2.66 | 8.07 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 24.79 | 32.57 | 33.98 | 4.33 | 37.07 |
| 4 | ചേമ്പ് | കിലോഗ്രാം | 55.13 | 54.39 | 48.14 | -11.49 | -12.68 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 49.93 | 30.36 | 29.59 | -2.54 | -40.74 |
| 6 | കാരററ് | കിലോഗ്രാം | 55.21 | 54.59 | 56.88 | 4.19 | 3.02 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 37.20 | 19.80 | 22.57 | 13.99 | -39.33 |
| 2 | വഴുതന | കിലോഗ്രാം | 43.71 | 33.34 | 33.48 | 0.42 | -23.40 |
| 3 | മത്തങ്ങ | കിലോഗ്രാം | 22.88 | 20.25 | 19.09 | -5.73 | -16.56 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 24.13 | 20.96 | 20.48 | -2.29 | -15.13 |
| 5 | വെണ്ടക്ക | കിലോഗ്രാം | 33.57 | 32.48 | 34.43 | 6.00 | 2.56 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 59.75 | 37.13 | 47.86 | 28.90 | -19.90 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 60.32 | 52.20 | 55.21 | 5.77 | -8.47 |
| 8 | കാബേജ് | കിലോഗ്രാം | 52.96 | 27.88 | 26.39 | -5.34 | -50.17 |
| 9 | പാവയ്ക്ക | കിലോഗ്രാം | 52.84 | 50.41 | 47.98 | -4.82 | -9.20 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 24.93 | 23.73 | 21.57 | -9.10 | -13.48 |
| 11 | പടവലങ്ങ | കിലോഗ്രാം | 37.16 | 35.21 | 35.88 | 1.90 | -3.44 |
| 12 | തക്കാളി | കിലോഗ്രാം | 40.04 | 19.68 | 19.73 | 0.25 | -50.72 |
| 13 | പച്ചമുളക് | 100 ഗ്രാം | 5.17 | 4.72 | 4.38 | -7.20 | -15.28 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 52.07 | 44.84 | 41.86 | -6.65 | -19.61 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 41.46 | 32.61 | 31.02 | -4.88 | -25.18 |

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2017 | സപ്തംബർ 2018 | ഒക്ടോബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 134.75 | 132.61 | 139.77 | 5.40 | 3.73 |
| 2 | മുസമ്പി | കിലോഗ്രാം | 54.90 | 53.85 | 52.79 | -1.96 | -3.85 |
| 3 | മാതളം | കിലോഗ്രാം | 98.58 | 90.21 | 108.85 | 20.67 | 10.42 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 109.13 | 115.67 | 109.71 | -5.15 | 0.53 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 56.98 | 51.35 | 49.36 | -3.87 | -13.37 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 36.93 | 35.38 | 33.88 | -4.24 | -8.27 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 64.30 | 68.05 | 58.23 | -14.43 | -9.44 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 55.00 | 54.56 | 51.28 | -6.00 | -6.76 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 33.34 | 28.83 | 28.05 | -2.68 | -15.85 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 104.13 | 119.90 | 0.00 | | |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 22.11 | 30.29 | 34.42 | 13.66 | 55.71 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 78.57 | 87.14 | 83.04 | -4.71 | 5.68 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 66.25 | 87.39 | 76.59 | -12.35 | 15.61 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 19.85 | 20.00 | 20.00 | 0.00 | 0.76 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 27.50 | 28.05 | 28.33 | 1.00 | 3.02 |
| 3 | വിറക് (നാടൻ) | ക്വിന്റൽ | 507.14 | 497.78 | 486.67 | -2.23 | -4.04 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 385.47 | 403.54 | 403.13 | -0.10 | 4.58 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 380.00 | 397.92 | 398.13 | 0.05 | 4.77 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 43.98 | 55.61 | 56.56 | 1.71 | 28.60 |